# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2021- 22

## CLASS: X , MALAYALAM (012)

## മലയാളം

**Time allowed :1½ Hrs.** **Maximum Marks: 40**

അനുവദിച്ച സമയം :1½ മണിക്കൂർ ആകെ മാർക്ക് : 40

**General Instructions:** **Date: 30-09-2021**

**i. There are 40 questions.**

**ii. Each question carries one mark.**

**iii. All questions are compulsory.**

**iv. Choose only one answer from the options given below each question.**

## SECTION: A- READING - 8 MARKS

**I. a) താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** (4x 1=4)

വീണപൂവ് എന്ന കവിത ആശാന്റെ പുനർജന്മമാണ് എന്ന് പറയപ്പെടുന്നു. ആധുനിക മലയാള കവിത വീണപൂവിനോട് കൂടിയാണ് ആരംഭിക്കുന്നത്. നമ്മുടെ കവിതയിലെ പരിവർത്തനത്തിന്റെ തുടക്കമായിരുന്നു വീണപൂവ്. അമ്പിളിയുടെയും ആമ്പലിന്റെയും സ്വപ്നലോകത്തു നിന്ന് ജീവിത യാഥാർഥ്യങ്ങളുടെ ചെളിക്കുണ്ടുകളിലേക്ക് ഇറങ്ങി വരാൻ കവികളെ ആശാൻ ആഹ്വാനം ചെയ്യുകയായിരുന്നു. ആ ആഹ്വാനം മലയാള കവിതയെ വളർച്ചയുടെ പുതിയൊരു തലത്തിലേക്കാണ് നയിച്ചത്. 1086 വൃശ്ചികത്തിൽ കവി പാലക്കാട്ടു താമസിക്കുമ്പോഴാണ് വീണപൂവ് വിരിഞ്ഞത്. ആദ്യമായി ഈ കവിത മൂർക്കോത്തു കുമാരൻ മിതവാദിയിൽ പ്രസിദ്ധീകരിച്ചു. പിന്നീട് 1907- ൽ സി.എസ്.സുബ്രഹ്മണ്യൻ പോറ്റി അത് ആമുഖത്തോടു കൂടി

ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചു. ഞെട്ടറ്റുവീണ ഒരു പൂവിനെ പ്രതീകമാക്കി മനുഷ്യജീവിതത്തിന്റെ ക്ഷണികതയെപ്പറ്റി - നിരർത്ഥകതയെപ്പറ്റി - നടത്തുന്ന ദു:ഖസാന്ദ്രമായ വിചിന്തനമാണ് വീണപൂവ്. ലൗകിക ജീവിതത്തെ ദാർശനികരീതിയിൽ വ്യാഖ്യാനിക്കുകയായിരുന്നു കുമാരനാശാൻ. ശ്രീനാരായണ ഗുരുവിനോട് ഒപ്പമുള്ള ആദ്ധ്യാത്മിക ജീവിതവും തത്ത്വചിന്തയോടുള്ള പ്രതിപത്തിയുമായിരുന്നു കാവ്യവിഷയത്തെ വ്യതിരിക്തമായ രീതിയിൽ അവതരിപ്പിക്കാൻ കുമാരനാശാന് പ്രചോദനമായത്.

**ചോദ്യങ്ങൾ**

1) മലയാള കവിതയിൽ വീണപൂവിന്റെ സ്ഥാനമെന്ത്?

a) പ്രാചീനകവിതകളിൽ പ്രധാനപ്പെട്ട ഒന്നാണ് വീണപൂവ്.

b) ആധുനിക മലയാളകവിത വീണപൂവിനോട് കൂടി ആരംഭിക്കുന്നു.

c) അത്യന്താധുനികതയ്ക്ക് തുടക്കം കുറിച്ചത് വീണപൂവാണ്.

d) മലയാളികൾ ഏറെ ശ്രദ്ധിക്കാതെ പോയ കവിതയാണ് വീണപൂവ്.

2) കവികളോട് ആശാൻ ആഹ്വാനം ചെയ്തത് എന്ത്?

a) ജീവിതയാഥാർഥ്യങ്ങൾ മറക്കാൻ

b) സങ്കല്പലോകത്ത് ജീവിക്കാൻ

c) ജീവിതയാഥാർഥ്യങ്ങളുടെ ചെളിക്കുണ്ടുകളിലേക്ക് ഇറങ്ങി വരാൻ

d) വീണ പൂവിനെ മാതൃകയാക്കാൻ

3) വീണപൂവ് ആദ്യമായി പ്രസിദ്ധീകരിച്ചത് എവിടെ ?

a) മിതവാദിയിൽ

b) വിദ്യാവിലാസിനിയിൽ

c) കലാകൗമുദിയിൽ

d) വിദ്യാവിനോദിനിയിൽ

4) വീണപൂവ് ആമുഖത്തോടു കൂടി ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചത് ആര്?

a) മൂർക്കോത്തുകുമാരൻ

b) സി.എസ്.സുബ്രഹ്മണ്യൻ പോറ്റി

c ) വി.ഐ.സുബ്രഹ്മണ്യം

d) കേസരി ബാലകൃഷ്ണപിള്ള

**b) താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(4x 1=4)**

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ അവകാശസ്ഥാപനത്തിനു വേണ്ടിയുള്ള സമരത്തിനാണ് ഗാന്ധിജി ആദ്യമായി സത്യാഗ്രഹം ഒരു സമരമാർഗ്ഗമായി പ്രയോഗിക്കുന്നത്. ആ സമരപരിപാടി കുറച്ച് മുമ്പോട്ടു പോയപ്പോൾ മാത്രമാണ് അതുവരെ സമ്പാദിച്ചിരുന്ന മാനസിക ശിക്ഷണത്തിന്റെ അപര്യാപ്തത അദ്ദേഹത്തിനു ബോധ്യമായത്. ആത്മ ശുദ്ധീകരണത്തിലൂടെയും ബ്രഹ് മചര്യത്തിലൂടെയും ആത്മസാക്ഷാത്കാരം നേടുന്നവനു മാത്രമേ യാഥാർത്ഥ സത്യാഗ്രഹിയാകാൻ കഴിയൂ എന്ന് ഗാന്ധിജി മനസ്സിലാക്കി. ആത്മ സാക്ഷാത്കാരം നേടാൻ ഗാന്ധിജി കഠിനമായ പരീക്ഷണങ്ങളാണ് സ്വീകരിച്ചത്. ഉപവാസം, ആഹാരനിയന്ത്രണം തുടങ്ങിയവ ഗാന്ധിജി അനുഷ്ഠിച്ച കഠിനമായ ചര്യകളിൽ ചിലതു മാത്രമാണ്. പൗരാണിക കാലത്തെ മഹർഷിമാർ മനനധ്യാനങ്ങൾ കൊണ്ടാണ് ആത്മസാക്ഷാത്കരം നേടിയത്. പക്ഷെ മഹാത്ജി അതുകൊണ്ടു മാത്രം തൃപ്തനല്ല. പരോപകാര കർമ്മവും ആത്മ സാക്ഷാത്കാരത്തിനുള്ള മാർഗ്ഗമായി അദ്ദേഹം കണ്ടു. അതുകൊണ്ട് രാഷ്ട്രീയം ഉൾപ്പെടെയുള്ള എല്ലാ പൊതുപ്രവർത്തനങ്ങൾക്കുമായി തന്റെ ജീവിതം സർവാത്മനാ സമർപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. ആ ആത്മസമർപ്പണ ത്തിലൂടെയാണ് അദ്ദേഹം ആനന്ദവും മോക്ഷവും കൈവരിച്ചത്.

**ചോദ്യങ്ങൾ**

5) ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ അവകാശസ്ഥാപനത്തിന് ഗാന്ധിജി സ്വീകരിച്ച സമരമാർഗ്ഗം ഏതായിരുന്നു ?

a ) നിസ്സഹകരണം

b) നിരാഹാരം

c) സത്യാഗ്രഹം

d) ധർണ്ണ

6) ഗാന്ധിജി അനുഷ്ഠിച്ച കഠിനചര്യകളിൽ ഉൾപ്പെടുന്നത് ഏത് ?

a) സന്ന്യാസം

b) ഉപവാസം

c) ദീർഘതപസ്സ്

d) ആത്മപീഡനം

7) പണ്ടുകാലത്ത് മഹർഷിമാർ ആത്മസാക്ഷാത്കാരം നേടിയിരുന്നത് എങ്ങനെ?

a) ആഹാര നിയന്ത്രണം കൊണ്ട്

b) യാഗാദികർമ്മങ്ങൾ കൊണ്ട്

c) ലൗകിക വിരക്തികൊണ്ട്

d) മനനധ്യാനങ്ങൾ കൊണ്ട്

8) ഗാന്ധിജിയുടെ അഭിപ്രായത്തിൽ ആർക്കാണ് യഥാർത്ഥ സത്യാഗ്രഹി ആകാൻ കഴിയുന്നത് ?

a) ലൗകിക ജീവിതം ഉപേക്ഷിക്കുന്നവന്

b) ശരീരശുദ്ധി കാത്തുസൂക്ഷിക്കുന്നതിന്

c) ആധ്യാത്മിക ശക്തി കൈവരിക്കുന്നവന്

d) ആത്മസാക്ഷാത്കാരം നേടുന്നവന്

## SECTION: B - VOCABULARY & GRAMMAR – 12 MARKS

**II. a) ശരിയായ ഉത്തരം കണ്ടെത്തുക** (4x 1=4)

9) 'വെള്ളായിയപ്പൻ അന്നം നിലത്തേയ്ക്ക് എറിഞ്ഞു.' എന്ന വാക്യം കർമ്മണി പ്രയോഗത്തിൽ എഴുതുന്നത് എങ്ങനെ?

a) വെള്ളായിയപ്പനാൽ അന്നത്തെ നിലത്തേയ്ക്ക് എറിഞ്ഞു

b) വെള്ളായിയപ്പൻ അന്നം നിലത്തേയ്ക്ക് എറിയപ്പെട്ടു.

c) അന്നം വെള്ളായിയപ്പനാൽ നിലത്തേയ്ക്ക് എറിഞ്ഞു.

d) അന്നം വെള്ളായിയപ്പനാൽ നിലത്തേയ്ക്ക് എറിയപ്പെട്ടു.

10) 'റേഡിയോ ഇവിടെ നിന്നാൽ പണയം വയ്ക്കപ്പെട്ടു.' ഈ വാക്യത്തിന്റെ ശരിയായ കർത്തരിപ്രയോഗം ഏത് ?

a) റേഡിയോ ഇവിടെ നീ പണയം വയ്ക്കപ്പെട്ടു.

b) റേഡിയോ ഇവിടെ നിന്നാൽ പണയം വച്ചു.

c) നീ ഇവിടെ റേഡിയോ പണയം വച്ചു.

d) നീയാൽ റേഡിയോ ഇവിടെ പണയം വച്ചു.

11) 'പിന്നിൽ നിലവിളി അകന്നു ശമിച്ചു.' ഈ വാക്യം അർത്ഥവ്യത്യാസം വരാതെ നിഷേധരൂപത്തിൽ എഴുതുന്നത് എങ്ങനെ?

a) മുന്നിൽ നിലവിളി അകന്നു ശമിച്ചില്ല.

b) പിന്നിൽ നിലവിളി അകന്നു ശമിക്കാതിരുന്നില്ല.

c) പിന്നിൽ നിലവിളി അകന്നു ശമിച്ചില്ല.

d) മുന്നിൽ നിലവിളി അകലാതെ ശമിച്ചില്ല.

12) 'ഭാര്യയും കുട്ടികളും അക്കാര്യത്തിൽ സങ്കടപ്പെട്ടിരുന്നു.' ഈ വാക്യത്തെ അർത്ഥം മാറാതെ നിഷേധരൂപത്തിൽ എഴുതുന്നത് എങ്ങനെ?

a) ഭാര്യയും കുട്ടികളും അക്കാര്യത്തിൽ സങ്കടപ്പെട്ടിട്ടില്ലായിരുന്നു.

b) ഭാര്യയും കുട്ടികളുമല്ലാതെ അക്കാര്യത്തിൽ സങ്കടപ്പെട്ടില്ല.

c) ഭാര്യയും കുട്ടികളും അക്കാര്യത്തിൽ സങ്കടപ്പെട്ടില്ല.

d) ഭാര്യയും കുട്ടികളും അക്കാര്യത്തിൽ സങ്കടപ്പെടാതിരുന്നില്ല.

**b). ശരിയുത്തരങ്ങൾ കണ്ടെത്തി എഴുതുക** **(8x 1=8)**

13) 'കടൽ' എന്ന വാക്കിന്റെ പര്യായപദം ഏത്?

a) നളിനം

b) സാഗരം

c ) വിപിനം

d) നയനം

14) 'കരിമ്പന' എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ?

a) കരിമ്പ് + പന

b) കരി + പന

c) കരിമ്പ + പന

d) കരീം + പന

15) 'ശത്രു' എന്ന വാക്കിന്റെ വിപരീത പദം ഏത്?

a) വിശത്രു b) പത്രം

c) രിപു d) മിത്രം

16) 'അഹം - അകം' അർത്ഥവ്യത്യാസമെന്ത്?

a) ക്ഷയം - പുറം b) രോഗം - പ്രളയം

c) ഞാൻ - ഉൾഭാഗം d) സ്നേഹം - അസുഖം

17. 'പണി' എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്തത് ഏത്?

a) ജോലി b) മോക്ഷം

c) ഉപായം d) പ്രവൃത്തി

18. 'മൂപ്പൻ' എന്ന പദത്തിന്റെ എതിർലിംഗമേത്?

a) മൂപ്പത്തി b) മൂപ്പി

c) മൂപ്പച്ചി d) മൂപ്പനി

19. 'സ്വജീവിതം' വിഗ്രഹിക്കുന്നത് എങ്ങനെ?

a) സുഖമായ ജീവിതം b) സ്വന്തം ജീവിതം

c) അന്യ ജീവിതം d) ജീവിതത്തിനു വേണ്ടി

20. ശരിയായ പദമേത്?

a) അസാദ്യം b) അസാത്യം

c) അസാധ്യം d) അസാഥ്യം

## SECTION: C - 20 MARKS

**III.(a). ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** (10x 1=10)

21. "ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ്ട സാധനങ്ങളാണേ." ഏത് സാധനത്തെ കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

    a) പൊതിച്ചോറ് b) റേഡിയോ

    c) മഞ്ഞക്കടലാസ്സ് d) തയ്യൽ സാധനങ്ങൾ

22. "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെ തന്നെ ഇരിക്കട്ടെ." ഇങ്ങനെ പറഞ്ഞത് ആര്?

    a) പാറാവുകാരൻ b) കണ്ടുണ്ണി

    c) കുട്ട്യസ്സൻമാപ്പിള d) ചാക്കുണ്ണി

23. ചാക്കുണ്ണി റേഡിയോയ്ക്ക് കണ്ഠശുദ്ധി വരുത്തിയത് എങ്ങനെ?

    a) പകൽ മുഴുവൻ റേഡിയോ പ്രവർത്തിപ്പിച്ച്

    b) രണ്ടു മാസം ഇടവിട്ട് പുതിയ ബാറ്ററികൾ മാറ്റിയിട്ട്

    c) റേഡിയോ പണയം വെച്ച്

    d) ചുവരിലെ തട്ടിൽ റേഡിയോ സൂക്ഷിച്ച്

24. 'കടൽത്തീരത്ത്' എന്ന പാഠം ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു?

    a) ചെറുകഥ b) തിരക്കഥ

    c) നോവൽ d) ആത്മകഥ

25. ആറാട്ടുകുന്നിൽ റേഡിയോയെ ഭയന്നവർ ആരെല്ലാമായിരുന്നു?

    a) പലിശക്ക് പണം കടം കൊടുക്കുന്നവർ

    b) ചാക്കുണ്ണിയുടെ പുറകെ പോകുന്നവർ

    c) ചാക്കുണ്ണിക്ക് തയ്യൽക്കൂലി കൊടുക്കാത്തവർ

    d) ബസ് യാത്രക്കാർ

26. വെള്ളായിയപ്പൻ പാറാവുകാരനിൽ നിന്ന് ഏറ്റുവാങ്ങിയത് എന്ത്?

a) മുണ്ടിന്റെ  കോന്തലയിൽ സൂക്ഷിച്ചിരുന്ന ചീട്ട്

b) മഞ്ഞ നിറത്തിലുള്ള കടലാസ്

c) മകന്റെ ദേഹം

d) കോടച്ചി കെട്ടിക്കൊടുത്ത പൊതിച്ചോറ്

27. ഏത്  റേഡിയോ പരിപാടി കേൾക്കാനാണ്  ചാക്കുണ്ണി ചെമ്പുമത്തായിയുടെ വീട്ടിലെത്തിയത്?

a) പ്രാദേശിക വാർത്ത    b) ബാലമണ്ഡലം

c) വയലും വീടും    d) ശബ്ദരേഖ

28. 'അമ്പലത്തിലെ  നടതുറക്കാൻ  കാത്തിരിക്കുന്നതു പോലെ' വെള്ളായിയപ്പൻ ഇരുന്നത് എവിടെ ?

a) ജയിലിന്റെ ഉമ്മറത്തെ  ചാരുപടിയിൽ

b) റയിൽവേ സ്റ്റേഷനിലെ  ബഞ്ചിൽ

c) പാഴുതറയിലെ  കുടിലിൽ

d) കടൽത്തീരത്തെ മണലിൽ

29. 'പണയം'  എന്ന കഥ എഴുതിയത് ആര്?

a) സി.രാധാകൃഷ്ണൻ    b) ഒ .വി.വിജയൻ

c) ഇ.സന്തോഷ്കുമാർ    d) വൈക്കം മുഹമ്മദ്ബഷീർ

30. "പാറാവുകാരന്റെ  മുഖം  പൊടുന്നനെ കനിവുറ്റതായി." എപ്പോൾ ?

a) വെള്ളായിയപ്പന്റെ  ദയനീയസ്ഥിതി കണ്ടപ്പോൾ

b) കണ്ടുണ്ണിയുടെ നിലവിളി കേട്ടപ്പോൾ

c) വെള്ളായിയപ്പന്റെ കൈയിലെ കടലാസ് നിവർത്തി നോക്കിയപ്പോൾ

d) അപരിചിതരുടെ താല്പര്യരഹിതമായ സംഭാഷണം  കേട്ടപ്പോൾ

**(b). ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക** (10 x 1=10)

31. 'ലക്ഷ്മണസാന്ത്വനം' എന്ന പാഠം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?

a) നളചരിതം b) രാമചരിതം

c) കൃഷ്ണഗാഥ d) അധ്യാത്മരാമായണം കിളിപ്പാട്ട്

32. 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്നത്' ആര്?

a) വിവേകികൾ b) അവിവേകികൾ

c) അത്യാഗ്രഹികൾ d) ഭാവശാലികൾ

33. കുമാരനാശാന്റെ കൃതി അല്ലാത്തത് ഏത് ?

a) കരുണ b) ലീല

c) ഖസാക്കിൻ്റെ ഇതിഹാസം d) നളിനി

34. 'വത്സാ സൗമിത്രേ' എന്ന് ശ്രീരാമൻ വിളിക്കുന്നത് ആരെ?

a) ഭരതനെ b) ശത്രുഘ്നനെ

c) ലക്ഷ്മണനെ d) വസിഷ്ഠനെ

35. വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടും വളയും ലഭിച്ച എഴുത്തുകാരൻ ആര്?

a) എഴുത്തച്ഛൻ b) വള്ളത്തോൾ

c) ഒ .വി. വിജയൻ d) കുമാരനാശാൻ

36. 'മുക്തിക്ക് വിഘ്നം വരുത്തുവാനെത്രയും ശക്തിയുള്ളത്' എന്തിനാണ് ?

a) കാമത്തിന് b) ക്രോധത്തിന്

c) മോഹത്തിന് d) ലോഭത്തിന്

37. നളിനി ദിവാകരനെ കണ്ടുമുട്ടുന്നത് എവിടെവച്ചാണ് ?

a) വിന്ധ്യാചലത്തിൽ b) ഹിമാലയത്തിൽ

c) മഹേന്ദ്രഗിരിയിൽ d) അഗസ്ത്യകൂടത്തിൽ

38. 'സംസാരനാശിനിയായത്' ആര്?

a) വിദ്യ b) ലക്ഷ്മി

c) സഖി d) മാതാവ്

39. കവിയുടെ അഭിപ്രായത്തിൽ ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ സുഖത്തിന്റെ ഉദയം എങ്ങനെ ഉള്ളതായിരിക്കും?

a) വികലം

b) അവികലം

c) സന്തോഷപ്രദം

d) ദുഃഖപൂർണ്ണം

40. എഴുത്തച്ഛന്റെ വിശേഷണമായി പറയാവുന്നത് ഏത് ?

a) ആധുനിക കവിത്രയത്തിൽ ഒരാൾ

b) മലയാളഭാഷാ പിതാവ്

c) ആദ്യ മലയാള കൃതിയുടെ കർത്താവ്

d) മണിപ്രവാള കവികളിൽ പ്രമുഖൻ

***